**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3738 20.10.2016 -ലെ മറുപടിയ്ക്ക്

**കാലിക്കറ്റ് സർവ്വകലാശാലയിലെ പ്യൂൺ/വാച്ച്മാൻ നിയമനം**

ചോദ്യം

ശ്രീ.വി. അബ്ദുറഹിമാൻ

ഉത്തരം

പ്രൊഫ. സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കാലിക്കറ്റ് സർവ്വകലാശാലയിൽ പ്യൂൺ/വാച്ച്മാൻ തസ്തികയിൽ സി.എൽ.ആർ. വിഭാഗത്തിന് എത്ര ശതമാനമാണ് സംവരണം ചെയ്തിട്ടുള്ളത്; | (എ) | 30 ശതമാനം |
| (ബി) | പ്രസ്തുത നിയമനത്തിന്റെ ഭാഗമായി തയ്യാറാക്കിയ സ്കോർ ഷീറ്റ് പ്രസിദ്ധീകരിക്കുന്നതിന് മുമ്പ് പുറത്തായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | ഇതു സംബന്ധിച്ച അന്വേഷണത്തിന്റെ ചുമതല ആരെയൊക്കെയാണ് ഏല്പിച്ചതെന്ന് വ്യക്തമാക്കുമോ; | (സി) | ഡോ. പി. മോഹൻ (പ്രോ വൈസ് ചാൻസലർ) കൺവീനറായും, ഡോ. എബ്രഹാം ജോസഫ് (പ്രൊഫസർ, കെമിസ്ട്രി ഡിപ്പാർട്ട്മെന്റ്) അംഗവുമായ അന്വേഷണ കമ്മീഷനെ നിയമിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത വിഷയത്തിന്മേൽ അഡ്മിനിസ്ട്രേഷൻ ജോയിന്റ് രജിസ്ട്രാർ സമർപ്പിച്ച വിശദീകരണം, പ്രോ-വൈസ് ചാൻസലർ സമർപ്പിച്ച റിപ്പോർട്ട് എന്നിവയുടെ കോപ്പി ലഭ്യമാക്കുമോ; | (ഡി) | അന്വേഷണ കമ്മീഷൻ റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധം ആയിചേർത്തിട്ടുണ്ട്. |
| (ഇ) | മേൽപ്പറഞ്ഞ അന്വേഷണ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സർവ്വകലാശാല എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ; | (ഇ) | ബന്ധപ്പെട്ട ഡാറ്റാ അടങ്ങിയ കംപ്യൂട്ടർ ഹാർഡ് ഡിസ്കുകൾ അന്വേഷണത്തിന്റെ ഭാഗമായി വൈസ് ചാൻസലർ കസ്റ്റഡിയിലെടുത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (എഫ്) | പ്രസ്തുത വിഷയം സംബന്ധിച്ച് എന്തെങ്കിലും തുടരന്വേഷണ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എഫ്) | തുടർ നടപടിയ്ക്ക് വേണ്ടി മലപ്പുറം പോലീസ് സൂപ്രണ്ടിന് കൈമാറിയിട്ടുണ്ട്. |
| (ജി) | സ്കോർ ഷീറ്റ് ചോർന്നതിനാൽ പ്രസ്തുത തസ്തികയിലേയ്ക്ക് ആരംഭിച്ച നിയമന നടപടികൾ റദ്ദ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ജി) | ഇതിന്മേലുള്ള നടപടി സർവ്വകലാശാല സിൻഡിക്കേറ്റാണ് എടുക്കേണ്ടത്. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്